# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019 ഒക്ടോബർ 24

# വാർത്താക്കുറിപ്പ് 1

## ബി.ടെക് മോഡറേഷൻ: നയപരമായ തീരുമാനം പിൻവലിച്ചു

ഉന്നത വിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 2019 ഫെബ്രുവരി 4-ലെ ബി.2/33/2019/ഉ.വി.വ. നമ്പർ കത്ത് പ്രകാരം 2019 ഫെബ്രുവരി 22-ന് നടന്ന അദാലത്തിൽ വിവിധ വിഷയങ്ങളിൽ നിരവധി പരാതികൾ ഓൺ ലൈനിലൂടെയും നേരിട്ടും ലഭിച്ചിരുന്നു. അതിന്മേൽ തീരുമാനമെടുക്കുന്നതിനായി 2019 ഫെബ്രുവരി 18-ന് 630/എ.ഡി.എ. 1/2019/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം സിൻഡിക്കേറ്റിന്റെ എല്ലാ ഉപസമിതി കൺവീനർമാരെയും ഉൾപ്പെടുത്തി നിർവാഹക സമിതി രൂപീകരിച്ചിരുന്നു. ഈ സമിതിക്ക് അദാലത്ത് ദിവസമായ 2019 ഫെബ്രുവരി 22-നും തലേദിവസമായ 2019 ഫെബ്രുവരി 21-നും പരാതികൾ പരിഗണിച്ച് സർവകലാശാല നിയമമനുസരിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് സിൻഡിക്കേറ്റിന്റെ പൂർണ അധികാരം നൽകിയിരുന്നു. അദാലത്തിലേക്ക് ലഭിച്ച നിരവധി അപേക്ഷകളിൽ ഒന്നായിരുന്നു ബി.ടെക് പരീക്ഷയ്ക്ക് എൻ.എസ്.എസ്. ഗ്രേസ്മാർക്കും മോഡറേഷനും ആവശ്യപ്പെട്ട് ലഭിച്ചത്.

2019 ഫെബ്രുവരി 21-ന് കൂടിയ നിർവാഹക സമിതി അപേക്ഷകൾ വിശദമായി പരിശോധിച്ചു. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേക്ക് ബി.ടെക് കോഴ്സുകൾ പൂർണമായും മാറുകയും സപ്ലിമെന്ററി വിദ്യാർഥികൾ മാത്രം സർവകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ അപേക്ഷയുമായി ബന്ധപ്പെട്ട് മോഡറേഷനായി ഒരു മാർക്ക് നൽകാൻ ഫെബ്രുവരി 21ന് നിർവാഹക സമിതി ശിപാർശ ചെയ്യുകയും വൈസ് ചാൻസലർ അംഗീകരിക്കുകയും ചെയ്തിരുന്നു.. പ്രസ്തുത വിഷയം എൻ.എസ്.എസ്. ഗ്രേസ് മാർക്കുമായി ബന്ധപ്പെട്ടതുകൂടി ആയതിനാൽ വിഷയം മാർച്ച് 13-ന് വൈസ് ചാൻസലർ അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് നൽകി.

മോഡറേഷൻ ആവശ്യം ഉയർത്തി 2016 മുതൽ നിരവധി ബി.ടെക് വിദ്യാർഥികൾ നിരന്തരം സർവകലാശാലയെ സമീപിച്ചിരുന്നു. 2016 ഓഗസ്റ്റ് 13-ന് വിദ്യാർഥികൾ ഇതേ വിഷയം ഉന്നയിച്ച് സർവകലാശാല മാർച്ച് അടക്കം നടത്തുകയും അന്ന് ചുമതല വഹിച്ചിരുന്ന വൈസ്ചാൻസലർ വിദ്യാർഥികളുമായി സംസാരിക്കുകയും വിഷയം പരിഗണിക്കാമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേക്ക് ബി.ടെക് കോഴ്സുകൾ പൂർണമായും മാറുകയും സപ്ലിമെന്ററി വിദ്യാർഥികൾ മാത്രം സർവകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യമുണ്ടായിരുന്നു. നേരിയ മാർക്കിന്റെ കുറവുകൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർഥികൾക്ക് സാധിക്കാതിരിക്കുകയും നാലു വർഷത്തെ പഠനത്തിനു ശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം നിസാര മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ്ടു യോഗ്യതയിലേക്ക് മാത്രമായി വിദ്യാർഥികൾ ചുരുങ്ങുന്ന അവസ്ഥയുണ്ടായി.

മേൽ സാഹചര്യങ്ങൾ പരിഗണിച്ച് വിഷയം 2019 ഏപ്രിൽ 30ന് ചേർന്ന സിൻഡിക്കേറ്റ് യോഗം ഒ.എ. 28/19.03 നമ്പർ പ്രകാരം പരിഗണിച്ച് "സർവകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോട് കൂടിയ മാർക്കിനു പുറമേ പരമാവധി 5 മാർക്കുകൂടി സിൻഡിക്കേറ്റ് മോഡറേഷനായി നൽകുന്നതിന്" തീരുമാനിച്ചു. ഇത്തരത്തിൽ നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അധികാരം സിൻഡിക്കേറ്റിനാണുള്ളത്. 1987 ജൂൺ 6, 1987 ജൂൺ 19 തീയതികളിൽ കൂടിയ മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് യോഗം യഥാക്രമം 10, 5 മാർക്ക് വരെ സിൻഡിക്കേറ്റ് മോഡറേഷൻ നൽകാനെടുത്ത തീരുമാനം, കാലിക്കറ്റ് സർവകലാശാല 2012 ജൂൺ 12ലെ ഉത്തരവിലൂടെ 2008 മുതൽ മുൻകാല പ്രാബല്യത്തോടെ ബി.ടെക്. വിദ്യാർഥികൾക്ക് 20 മാർക്ക് വരെ മോഡറേഷൻ നൽകാനെടുത്ത തീരുമാനം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല 2012ലെ

എന്നിവകൂടി പരിഗണിച്ചാണ് മേൽ തീരുമാനം കൈക്കൊണ്ടത്. തീരുമാനത്തിന്മേൽ 2019 മേയ് 17-ന് 2085/ഇഐ. 1/2019/എം.ജി.യു നമ്പരിൽ ഉത്തരവ് പുറപ്പെടുവിച്ചു.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2019 ഒക്‌ടോബർ 17 വരെ 119 വിദ്യാർഥികൾ ബി.ടെക് പാസാവുകയും 69 വിദ്യാർഥികളുടെ അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികളിലുമാണ്.

ഈ സാഹചര്യം നിലനിൽക്കെയാണ് അടിസ്ഥാനരഹിതവും ദുരുദ്ദേശപരവുമായ വിവാദം ഉയർത്തി സർവകലാശാലയുടെ യശസിനെയും കൈവരിച്ച നേട്ടങ്ങളെയും കളങ്കപ്പെടുത്തുന്ന സാഹചര്യമുണ്ടായത്. ഇതേത്തുടർന്ന് വസ്തുതകൾക്ക് വിരുദ്ധമായി സമൂഹത്തിൽ തെറ്റിദ്ധാരണാജനകമായ വിവരങ്ങൾ പ്രചരിപ്പിക്കപ്പെടുകയും ചെയ്തു.

നിരവധി ബി.ടെക് വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്ത്, യാതൊരു നിക്ഷിപ്ത താൽപര്യവുമില്ലാതെ സർവകലാശാല 2019 ഏപ്രിൽ 30-ന് ഒ.എ. 28/19.03 നമ്പർ പ്രകാരം എടുത്ത ഈ നയപരമായ തീരുമാനം ഐകകണ്‌ഠേന പിൻവലിക്കുവാനും തുടർ നടപടികൾ സ്വീകരിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു. പൊതുസമൂഹത്തിനു മുമ്പിൽ സർവകലാശാലയും അക്കാദമിക സമൂഹവും സംശയത്തിന്റെ നിഴലിൽ പോലും വരാതിരിക്കുവാനാണ് നടപടി.

ചരിത്രപരമായ പല നേട്ടങ്ങളും മഹാത്മാഗാന്ധി സർവകലാശാല ഇതിനകം തന്നെ കൈവരിച്ചിട്ടുണ്ട്. നാഷണൽ അസസ്‌മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ എ ഗ്രേഡ് അക്രഡിറ്റേഷനും സംസ്ഥാനത്ത് ഏറ്റവും ഉയർന്ന സി.ജി.പി.എ. പോയിന്റും (3.24) ലഭിച്ച മഹാത്മാഗാന്ധി സർവകലാശാല രണ്ടു തവണ, 2016ലും 2018ലും കേരളത്തിലെ മികച്ച സർവകലാശാലയ്ക്ക് ഗവർണർ നൽകുന്ന ചാൻസലേഴ്‌സ് അവാർഡിന് അർഹരായി. സർവകലാശാലയിലെ ഗവേഷണരംഗത്തെ രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി റൂസ ഫണ്ട് അനുവദിക്കുന്നതിന് സർവകലാശാലയെ തെരഞ്ഞെടുക്കുകയും 50 കോടി രൂപ അനുവദിക്കുകയും ചെ ചെയ്തിട്ടുണ്ട്. ഓൺലൈൻ ചോദ്യക്കടലാസും ചോദ്യബാങ്കും തയാറാക്കി ബിരുദ, ബിരുദാനന്തര പരീക്ഷകൾക്ക് ഉപയോഗിച്ച ഇന്ത്യയിലെ ആദ്യ സർവകലാശാല യാണിത്. മൈഗ്രേഷൻ, ഇക്വലൻസി, എലിജിബിലിറ്റി സർട്ടിഫിക്കറ്റുകൾ, കോഴ്‌സ് സർട്ടിഫിക്കറ്റ്, കണ്ടൊണേഷൻ, മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ, റീ അഡ്മിഷൻ, കോളജ് ട്രാൻസ്ഫർ എന്നിവ ഓൺലൈനാക്കിയും ഫീസുകൾ ഓൺലൈനാക്കിയും വിദ്യാർഥി സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചു. സംവരണവും മെരിറ്റും അനുസരിച്ച് കൃത്യമായി പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതിനായി അഫിലിയേറ്റഡ് കോളജുകളിലെ ബിരുദ, ബിരുദാനന്തര ബിരുദ പ്രവേശനത്തിന് ഓൺലൈൻ പൊതു പ്രവേശന സമ്പ്രദായം (ക്യാപ്), സർവകലാശാലയിലെ ഫയലുകൾ വേഗത്തിൽ കൈകാര്യം ചെയ്യുന്നതിന് ഡി.ഡി.എഫ്.എസ്. എന്ന ഓൺലൈൻ സംവിധാനം എന്നിവ പ്രാവർത്തികമാക്കി. രാജ്യത്ത് ഏറ്റവും കൂടുതൽ വിദ്യാർഥി സംരംഭ സ്റ്റാർട്ടപ്പുകൾ ആരംഭിച്ച (101 സ്റ്റുഡന്റ് സ്റ്റാർട്ടപ്പുകൾ) സർവകലാശാല കൂടിയാണിത്. ബിരുദപഠനത്തിന്റെ സിലബസ് പരിഷ്‌ക്കരിക്കുകയും 2017ൽ നടപ്പാക്കുകയും ചെയ്തു. ബിരുദാനന്തരബിരുദത്തിന്റെ സിലബസ് പരിഷ്‌കരിച്ച് 2019-20 അധ്യയന വർഷം മുതൽ നടപ്പാക്കി.

വിദേശസർവകലാശാലകളിലെയടക്കം ക്ലാസുകളും പ്രഭാഷണങ്ങളും സംവാദങ്ങളും ഓൺലൈനായി വീക്ഷിക്കാനും കേൾക്കാനും സാധിക്കുന്ന നിലയിൽ വീഡിയോകോൺഫറൻസിങ് പഠനസംവിധാനം പഠനവകുപ്പുകളിൽ നടപ്പാ ക്കുകയും കാമ്പസിലും വിദ്യാർഥികൾക്കുള്ള ഹോസ്റ്റലുകളിലും സൗജന്യ വൈഫൈ ഇന്റർനെറ്റ് സൗകര്യം ഒരു ക്കുകയും ചെയ്തിരുന്നു. പരീക്ഷാ ഫലങ്ങൾ അതിവേഗത്തിൽ നൽകി. കേന്ദ്രീകൃത മൂല്യനിർണയത്തിലൂടെ അതിവേഗത്തിൽ മൂല്യനിർണയം നടത്താനുള്ള സംവിധാനമൊരുക്കി. 2017ൽ മേയ് 30നും 2018ൽ മേയ് 15നും 2019ൽ ഏപ്രിൽ 29നും ബിരുദപരീക്ഷ ഫലം പ്രഖ്യാപിച്ച് ചരിത്രനേട്ടം കൈവരിച്ചിരുന്നു. രാജ്യത്തെ മികച്ച സർവകലാശാലകളെ തെരഞ്ഞെടുക്കാനുള്ള ഇന്ത്യാ ടുഡേ റാങ്കിങ്ങിൽ സംസ്ഥാന സർവകലാശാലകളുടെ വിഭാഗത്തിൽ ആറാംസ്ഥാനം നേ ടുകയും എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ സർവകലാശാല 30-ാം സ്ഥാനത്തേക്ക് ഉയരുകയും ചെയ്തു.

ഓൺലൈൻ പരീക്ഷ, വിദ്യാർഥികൾക്ക് കോഴ്‌സ് അവസാനിച്ച് ഒരുമാസത്തിനുള്ളിൽതന്നെ മാർക്ക് ലിസ്റ്റും ഡിഗ്രി സർട്ടിഫിക്കറ്റും ലഭ്യമാക്കൽ, പുനർമൂല്യനിർണയം ഓൺലൈനാക്കൽ എന്നീ നടപടികൾ പുരോഗമിക്കുന്നു.

സർവകലാശാലയുടെ മേൽനേട്ടങ്ങളെ തമസ്‌ക്കരിക്കുംവിധം പ്രചരിച്ച വിവാദങ്ങളെ അവഗണിച്ച് മുന്നോട്ടുപോകുന്നതിനും സർവകലാശാലയുടെ സർവതോന്മുഖമായ പുരോഗതി ലക്ഷ്യമിട്ട് തുടങ്ങിയ വിവിധ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചു.

അടിയന്തര സിൻഡിക്കേറ്റ് യോഗത്തിൽ വൈസ്ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു.

(പി.ആർ.ഒ/39/1879/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019 ഒക്ടോബർ 24

# വാർത്താക്കുറിപ്പ് - 2

## സപ്ലിമെന്ററി പരീക്ഷകൾക്ക് മാറ്റമില്ല

അഫിലിയേറ്റഡ് കോളേജുകളിൽ ഇന്ന് (25.10.2019) നടക്കുന്ന ഏഴാം സെമസ്റ്റർ (2015 അഡ്മിഷൻ) ബി.എ.എൽ.എൽ.ബി, ബികോം എൽ.എൽ.ബി, ബി.ബി.എ.എൽ.എൽ.ബി (5 വർഷം) ഇന്റഗ്രേറ്റഡ് കോഴ്സിന്റെ റഗുലർ പരീക്ഷകൾ മാത്രമാണ് മാറ്റിയിട്ടുള്ളത്. സപ്ലിമെന്ററി പരീക്ഷകൾ ടൈം ടേബിൾ അനുസരിച്ച് നടക്കും.

(പി.ആർ.ഒ/39/1879/2019)

## പരീക്ഷകൾ മാറ്റിവച്ചു

ഒക്ടോബർ 25, 29, 31 തീയതികളിൽ നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ. സംസ്കൃതം (ന്യായ - 2017 അഡ്മിഷൻ റഗുലർ - സി.ബി.സി.എസ്.) പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/1880/2019)

## പരീക്ഷ തീയതി

മൂന്നാം സെമസ്റ്റർ ബി.ആർക് (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി/ 2011, 2012, 2013, 2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 21ന് ആരംഭിക്കും. പിഴയില്ലാതെ നവംബർ 11 വരെയും 500 രൂപ പിഴയോടെ 12 വരെയും 1000 രൂപ സൂപ്പർഫൈനോടെ 13 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 50 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/1881/2019)

അഞ്ചാം സെമസ്റ്റർ ബി.ആർക് (2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി/ 2011, 2012, 2013, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 22ന് ആരംഭിക്കും. പിഴയില്ലാതെ നവംബർ 11 വരെയും 500 രൂപ പിഴയോടെ 12 വരെയും 1000 രൂപ സൂപ്പർഫൈനോടെ 13 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 50 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/1882/2019)

ഒൻപതാം സെമസ്റ്റർ ബി.ആർക് (2015 അഡ്മിഷൻ റഗുലർ/2011, 2012, 2013, 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 25 മുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ 11 വരെയും 500 രൂപ പിഴയോടെ 12 വരെയും 1000 രൂപ സൂപ്പർഫൈനോടെ 13 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 50 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/1883/2019)

മൂന്നാം വർഷ ബി.എസ്‌സി. നഴ്സിംഗ് റഗുലർ (2016 അഡ്മിഷൻ) പരീക്ഷകൾ നവംബർ 15 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഒക്ടോബർ 29 വരെയും 500 രൂപ പിഴയോടെ 30 വരെയും 1000 രൂപ സൂപ്പർഫൈനോടെ 31 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപ സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/1884/2019)

അഫിലിയേറ്റഡ് കോളേജുകളിലെ അഞ്ചാം സെമസ്റ്റർ ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ്)/ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് ഡിഗ്രി/ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ്)/ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷകൾ നവംബർ 13 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഒക്ടോബർ 29 വരെയും 500 രൂപ പിഴയോടെ 30 വരെയും 1000 രൂപ സൂപ്പർഫൈനോടെ 31 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1885/2019)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്‌സി. സൈക്കോളജി (സി.എസ്.എസ്. - റഗുലർ, സപ്ലിമെന്ററി) ഓഗസ്റ്റ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 28 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1886/2019)

## പരീക്ഷഫലം

2019 ഫെബ്രുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ (2017 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് നവംബർ ആറുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1887/2019)

## ഒന്നാം മേഴ്സി ചാൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാല പഠനവകുപ്പായ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ 2017ന് മുൻപ് അഡ്മിഷൻ നേടിയവരും എം.ബി.എ. പരീക്ഷയിൽ 5.5 സി.ജി.പി.എ. നേടാൻ കഴിയാത്തവരുമായ വിദ്യാർഥികൾക്കായി നടത്തുന്ന ഒന്നാം മേഴ്സി ചാൻസ് പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു. പിഴയില്ലാതെ നവംബർ നാലുവരെയും 50 രൂപ പിഴയോടെ നവംബർ എട്ടുവരെയും 500 രൂപ പിഴയോടെ നവംബർ 11 വരെയും ഫീസടയ്ക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1888/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ